പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4790 29.06.2012 ൽ മറുപടിയ്ക്ക്

**ചേർത്തല മായിത്തറയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ഡോ. എം.കെ. മുനീർ**<br>**( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ചേർത്തല മായിത്തറയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) | അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| ബി | പ്രസ്തുത വൃദ്ധസദനത്തിൽ എത്ര പേരെയാണ് താമസിപ്പിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ചേർത്തലയിലെ വിവിധ പ്രദേശങ്ങളിലുള്ള അശരണരായവരെ പ്രസ്തുത വൃദ്ധസദനത്തിൽ പ്രവേശിപ്പിച്ച് താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി | 19 പേർ. അൻപത്തഞ്ച് വയസ്സായ വികലാംഗരായ വൃദ്ധർക്ക് ജില്ലാ പ്രൊബേഷൻ ഓഫീസർ അല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശകത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിലെ വികലാംഗ വൃദ്ധസദനത്തിൽ പ്രവേശനം നൽകുന്നതാണ്. സ്ഥാപനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള പരമാവധി അന്തേവാസികളുടെ എണ്ണം 25 ആണ്. |
| സി | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വൃദ്ധസദനത്തിന്റെ വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | സി | പ്രസ്തുത സ്ഥാപനം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ടതാണ്. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വികസനത്തിനായി തുക അനുവദിച്ചിട്ടില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ